**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5064** **14-03-2023 - ൽ മറുപടിയ്ക്ക്**

**പുതുപ്പണം നോർത്ത് എസ്.ബി. സ്കൂൾ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജക മണ്ഡലത്തിലെ പുതുപ്പണം നോർത്ത് എസ്.ബി. സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം സമീപത്തെ മദ്രസ കെട്ടിടം വാടകയ്ക്കെടുത്ത് ക്ലാസുകൾ നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; പുതുതായി വാടകയ്ക്കെടുത്ത കെട്ടിടത്തിന്റെ വാടകത്തുക ആരിൽ നിന്നാണ് ഈടാക്കുന്നതെന്ന് വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത സ്കൂൾ കെട്ടിടം ഭാഗികമായി പൊളിച്ചുമാറ്റിയതിനാലാണ് ഫിറ്റ്നസ് ലഭിക്കാത്തത്. പുതുതായി വാടകയ്ക്കെടുത്ത കെട്ടിടത്തിന്റെ വാടകത്തുക സ്കൂൾ അധ്യാപകരാണ് നൽകിവരുന്നത്. |
| (സി) | സ്കൂൾ വളപ്പിനുള്ളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് ക്ലാസ്സ് റൂം, കിണർ എന്നിവയും നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റും നിർമ്മിച്ചിട്ടുണ്ടോ; ഇവ കൂടാതെ മറ്റേതെല്ലാം സർക്കാർ ഫണ്ടുകളാണ് പ്രസ്തുത സ്കൂളിനായി നാളിതുവരെ ചെലവാക്കിയിട്ടുള്ളതെന്നും ഓരോന്നിന്റെ അനുമതി ഉത്തരവുകളും ലഭ്യമാക്കുമോ; | (സി) | ഉണ്ട്. ഇത് ഒരു സർക്കാർ എയ്ഡഡ് സ്കൂൾ ആയതിനാൽ വകുപ്പ് പ്ലാൻ ഫണ്ട് ചാലഞ്ച് ഫണ്ട്, കിഫ്ബി തുടങ്ങിയ സർക്കാർ ഫണ്ടുകൾ ടി സ്കൂളിന് അനുവദിച്ചിട്ടില്ല. |
| (ഡി) | സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.യുടെ കത്ത് സഹിതം സർക്കാരിന് ലഭിച്ചത് എന്നാണെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും ലഭ്യമാക്കുമോ; | (ഡി) | സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.യുടെ കത്ത് സഹിതം 29.11.2021 ലാണ് സർക്കാരിൽ ലഭിച്ചത്. ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ അന്നേദിവസം തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 25.11.2022 ൽ പ്രസ്തുത റിപ്പോർട്ട് ഡയറക്ടറിൽനിന്നും ലഭ്യമാകുകയും ആയത് സർക്കാർ പരിശോധിച്ച് വരികയും ചെയ്യുന്നു. |
| (ഇ) | പ്രസ്തുത അപേക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ | (ഇ) | പ്രസ്തുത അപേക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ആരംഭിച്ചിട്ടുള്ള ഫയലുകളുടെ നമ്പറുകളും അവ ആരംഭിച്ച ഓഫീസും തീയതിയും ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ; | | വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ആരംഭിച്ചിട്ടുള്ള ഫയലുകളുടെ നമ്പറുകളും അവ ആരംഭിച്ച ഓഫീസും തീയതിയും ഉൾപ്പെടെയുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ W1 സീറ്റിൽ DGE/14744/2021-W1 നമ്പർ ഫയൽ 19.12.2021 ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്.<br><br>2) കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ B3 സീറ്റിൽ B3/4605/2022 നമ്പർ ഫയൽ 23.12.2022 ന് ആരംഭിച്ച് 16.01.2023 ന് ക്ലോസ് ചെയ്തു.<br><br>3) വടകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ B1 സീറ്റിൽ ബി/1248/2021 നമ്പർ ഫയൽ 06.07.2021 ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്.<br><br>സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.യുടെ കത്ത് സഹിതം 29.11.2021 ലാണ് സർക്കാരിൽ ലഭിച്ചത്. ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ അന്നേദിവസം തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 25.11.2022 ൽ പ്രസ്തുത റിപ്പോർട്ട് ഡയറക്ടറിൽനിന്നും ലഭ്യമാകുകയും ആയത് സർക്കാർ പരിശോധിച്ച് വരികയും ചെയ്യുന്നു. |
| (എഫ്) | പ്രസ്തുത ഫയലുകൾ ഏതൊക്കെ സീറ്റുകളിൽ എന്ന് മുതൽ എന്നുവരെ കൈവശം വച്ചിരുന്നുവെന്നും പ്രസ്തുത വിഷയത്തിന്മേൽ മുന്നോട്ടുള്ള നടപടി നിലവിൽ ഏത് വിഭാഗത്തിൽ നിന്നുമാണ് സ്വീകരിക്കാനുള്ളതെന്നും അറിയിക്കുമോ; | (എഫ്) | പ്രസ്തുത അപേക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ആരംഭിച്ചിട്ടുള്ള ഫയലുകളുടെ നമ്പറുകളും അവ ആരംഭിച്ച ഓഫീസും തീയതിയും ഉൾപ്പെടെയുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ W1 സീറ്റിൽ DGE/14744/2021-W1 നമ്പർ ഫയൽ 19.12.2021 ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്.<br><br>2) കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ B3 സീറ്റിൽ B3/4605/2022 നമ്പർ ഫയൽ 23.12.2022 ന് ആരംഭിച്ച് 16.01.2023 ന് ക്ലോസ് ചെയ്തു.<br><br>3) വടകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ B1 സീറ്റിൽ ബി/1248/2021 നമ്പർ ഫയൽ 06.07.2021 ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.യുടെ കത്ത് സഹിതം 29.11.2021 ലാണ് സർക്കാരിൽ ലഭിച്ചത്. ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ അന്നേദിവസം തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 25.11.2022 ൽ പ്രസ്തുത റിപ്പോർട്ട് ഡയറക്ടറിൽനിന്നും ലഭ്യമാകുകയും ആയത് സർക്കാർ പരിശോധിച്ച് വരികയും ചെയ്യുന്നു. |
| (ജി) | സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിച്ച് ഒരു വർഷത്തിലേറെ ആയിട്ടും പ്രസ്തുത അപേക്ഷയിന്മേൽ നടപടികൾ പൂർത്തിയാക്കാത്തതിനുള്ള കാരണങ്ങൾ അറിയിക്കുമോ? | (ജി) | പ്രസ്തുത അപേക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ആരംഭിച്ചിട്ടുള്ള ഫയലുകളുടെ നമ്പറുകളും അവ ആരംഭിച്ച ഓഫീസും തീയതിയും ഉൾപ്പെടെയുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ W1 സീറ്റിൽ DGE/14744/2021-W1 നമ്പർ ഫയൽ 19.12.2021 ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്.<br><br>2) കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ B3 സീറ്റിൽ B3/4605/2022 നമ്പർ ഫയൽ 23.12.2022 ന് ആരംഭിച്ച് 16.01.2023 ന് ക്ലോസ് ചെയ്തു.<br><br>3) വടകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ B1 സീറ്റിൽ ബി/1248/2021 നമ്പർ ഫയൽ 06.07.2021 ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്.<br><br>സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.യുടെ കത്ത് സഹിതം 29.11.2021 ലാണ് സർക്കാരിൽ ലഭിച്ചത്. ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ അന്നേദിവസം തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 25.11.2022 ൽ പ്രസ്തുത റിപ്പോർട്ട് ഡയറക്ടറിൽനിന്നും ലഭ്യമാകുകയും ആയത് സർക്കാർ പരിശോധിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ